# ദാരിദ്ര്യരേഖാ സെൻസസ്

**പി.എസ്.കുമാർ**

അധികം ഒച്ചപ്പാടുകളൊന്നും കൂടാതെ വിപുലവും പ്രധാനപ്പെട്ടതുമായ ഒരു വിവരസമാഹരണ സർവേ കേരളത്തിൽ നടന്നുവരികയാണ്– ദാരിദ്ര്യരേഖാ കുടുംബ സെൻസസ് (ബിലോ പോവർട്ടി ലൈൻ അഥവാ ബി.പി.എൽ. സെൻസസ്) എന്നാണിത് അറിയപ്പെടുന്നത്.

കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ എത്ര കുടുംബങ്ങളാണ് ഉള്ളത് എന്നു കണ്ടെത്തുകയാണ് ഈ സർവേയുടെ മുഖ്യ ഉദ്ദേശ്യം. ഗ്രാമവികസനം, തദ്ദേശസ്വയംഭരണം, പട്ടികജാതി–പട്ടികവർഗ വികസനം,

ഫിഷഷറീസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, റവന്യൂ, കൃഷി എന്നീ വകുപ്പുകളുടെ കൂട്ടായ നേതൃത്വത്തിലും സഹകരണത്തിലുമാണ് ഇത് നടത്തുന്നത്. ഉദ്യോഗസ്ഥർ കേരളത്തിലെ എല്ലാ വീടുകളിലും കയറിയിറങ്ങി വിവരങ്ങൾ ശേഖരിച്ച് ദാരിദ്ര്യരേഖാ കുടുംബങ്ങളുടെ ഒരു കരട് ലിസ്റ്റ് തയാറാക്കി അതതു ഗ്രാമസഭകളുടെ മുന്നിൽവയ്ക്കുകയും ഗ്രാമസഭ അത് ചർച്ച ചെയ്ത് മാറ്റങ്ങൾ വേണമെങ്കിൽ വരുത്തി അംഗീകാരം നല്കുകയും ചെയ്യും. അതായത് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വസ്തുതകൾ ജനകീയാഭിപ്രായം കൂടി തേടിയശേഷമേ അംഗീകരിക്കപ്പെടൂ. ഇത് മുൻ സെൻസസുകളിൽനിന്നും ഈ സെൻസസിനുള്ള ഒരു വ്യത്യാസമാണ്.

കേരളത്തിലെ അടിസ്ഥാനതല വികസനത്തിനുള്ള ഏതു പദ്ധതിക്കും രൂപരേഖ തയ്യാറാക്കുമ്പോൾ ഈ സെൻസസിലെ വിവരങ്ങളാണ് പരിഗണിക്കപ്പെടുക. പഞ്ചായത്ത് തലത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാനരേഖയായി ഇതു സ്വീകരിക്കപ്പെടും. അതുകൊണ്ട് ഈ സർവേ ഏറെ പ്രധാനപ്പെട്ട ഒന്നാണ്.

20000 രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കുന്നത്. (മുമ്പ് ഇത് പ്രതിവർഷം, 11,000 രൂപയായിരുന്നു.) അതു മാത്രമല്ല, വാർഷിക വരുമാനത്തോടൊപ്പം ചെലവുകളുംകൂടി കണക്കിലെടുക്കുന്നുണ്ട് ഇത്തവണ.

ഇഷ്ടിക, വെട്ടുകല്ല് എന്നിവ കൊണ്ട് ചുമരു പണിതതും സിമന്റോ കുമ്മായമോ പൂശിയതും ഓടു കൊണ്ടോ വാർക്കകൊണ്ടോ ഉള്ള മേൽപുരയോടുകൂടിയതുമായ വീടുള്ളവരെ ദാരിദ്ര്യരേഖയ്ക്കു മുകളിലാണ് പെടുത്തുക. വീട്ടിൽ ഒന്നിൽക്കൂടുതൽ ഫാനുണ്ടാവുക, സ്വന്തമായി ഒരു മോട്ടോർ വാഹനമുണ്ടാവുക, കളർ ടി.വി. ഉണ്ടാവുക– ഇതിലേതെങ്കിലും ഒന്നുണ്ടായാൽ അവരും ദാരിദ്ര്യരേഖയ്ക്കു താഴെ വരില്ല. അതേ സമയം ഇതൊക്കെ ആരെങ്കിലും സമ്മാനമായി നല്കിയതാണെങ്കിൽ അത് ഉള്ളതായി കൂട്ടേണ്ടതില്ല എന്നും പറയുന്നുണ്ട്. ഇത്തരം മാനദണ്ഡങ്ങൾ കുറേ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

കേരളത്തിലെ 60 ലക്ഷം ഭവനങ്ങൾ കയറിയിറങ്ങാനായി അയ്യായിരത്തോളം ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചത്. അപ്പോൾ ഒരാൾ 1200 വീടുകളെങ്കിലും കയറി ചോദ്യാവലി പൂരിപ്പിക്കണമെന്നർഥം. ഓരോ ഉദ്യോഗസ്ഥനും തന്റെ സാധാരണ ജോലി മുഴുവനും ചെയ്തുതീർത്ത് ബാക്കി വരുന്ന സമയത്തുവേണം സർവേ ചെയ്യാനിറങ്ങേണ്ടത് എന്നും പറയുന്നുണ്ട്. അത് നടപ്പിലുള്ള കാര്യമല്ലല്ലോ. ഉദ്യോഗസ്ഥന് ഒന്നുകിൽ തന്റെ പണി മാറ്റിവയ്ക്കേണ്ടിവരും, അല്ലെങ്കിൽ സർവേയിൽ മായം ചെയ്യേണ്ടിവരും. അതാണ് അവസ്ഥ.

ഒരു ഉദ്യോഗസ്ഥന് ഒരു കുടുംബത്തെ ദാരിദ്ര്യരേഖയ്ക്ക് മുകളിലോ താഴെയോ പെടുത്താവുന്ന രീതിയിൽ ഉത്തരമെഴുതാവുന്ന ഒരവസ്ഥ നിലവിലുണ്ട്. ഉദാഹരണത്തിന് മറ്റു വിധത്തിൽ നോക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന ഒരു കുടുംബത്തിൽ ഒരു സ്കൂട്ടറുണ്ടെന്നു കരുതുക. സത്യസന്ധനായ ഒരു ഉദ്യോഗസ്ഥൻ അതു രേഖപ്പെടുത്തുകയും അങ്ങിനെ ആ കുടുംബം ദാരിദ്ര്യരേഖയ്ക്കു മുകളിലാവുകയുംചെയ്യും. മറ്റൊരാൾക്ക് വേണമെങ്കിൽ 'സ്കൂട്ടറുണ്ട്' പക്ഷേ, സമ്മാനമായി ലഭിച്ചതാണ് എന്നു രേഖപ്പെടുത്തി ആ കുടുംബത്തെ ദാരിദ്ര്യരേഖയ്ക്കു താഴെതന്നെ നിറുത്തുകയുമാവാം. എന്തും കടമായും ഇൻസ്റ്റാൾമെന്റായും ലഭിക്കുന്ന കേരളത്തെപ്പോലൊരിടത്ത് ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള ഒരു കുടുംബത്തിൽപോലും ഒരു സെക്കൻഡ് ഹാൻഡ് കളർ ടിവിയോ സ്കൂട്ടറോ രണ്ടു ഫാനോ ഒക്കെ കണ്ടെന്നുവരും. അത്തരം സന്ദർഭങ്ങളെ, കണക്കെടുക്കാൻ വരുന്ന ഉദ്യോഗസ്ഥന്റെ ദയയ്ക്ക് വിട്ടുകൊടുക്കുന്ന തരത്തിലുള്ള ഒരു ചോദ്യാവലിയുമായി ഇത്തരം പ്രധാനപ്പെട്ട ഒരു സർവേ നടത്താനൊരുങ്ങിയതിലും വലിയൊരു അപാകതയുണ്ട്.

വികേന്ദ്രീകൃതമായ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ വലിയൊരു പരിധിവരെ മുന്നോട്ടുപോയിക്കഴിഞ്ഞ കേരളത്തിൽ ഉദ്യോഗസ്ഥരെ ഒഴിവാക്കിക്കൊണ്ടുതന്നെ, കൂടുതൽ കാര്യമായ രീതിയിൽ ഈ സർവേ നടത്താമായിരുന്നു.